**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള യാത്രയിലും താലൂക്ക് അദാലത്തുകളിലും ലഭിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള യാത്രയുമായി ബന്ധപ്പെട്ട് എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടകസമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | നവകേരള യാത്രയിൽ ആകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; അവയിൽ എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഒരു നിവേദനത്തിൽ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ നടപടികൾക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലൊ, ഉത്തരവുകളിലൊ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (സി) | ഈ സർക്കാർ നടത്തിയിരുന്ന താലൂക്ക് അദാലത്തുകളിൽ ലഭിച്ച പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | താലൂക്ക് തലത്തിൽ നടത്തിയ അദാലത്തുകളിൽ 6521 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | താലൂക്ക് അദാലത്തുകളിൽ ലഭിച്ച പരാതികളിൽ ഇതിനോടകം തീർപ്പാക്കിയവയുടെ താലൂക്ക് തിരിച്ചുള്ള | (ഡി) | താലൂക്ക് തലത്തിൽ നടത്തിയ അദാലത്തുകളിൽ 6521 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഒന്നിലധികം |

| | | | |
|---|---|---|---|
| | കണക്ക് ലഭ്യമാക്കുമോ? | | വകപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ